# തീവണ്ടി യാത്ര

• അഷ്കർ കബീർ





ഏതെല്ലാം തരം വാഹനങ്ങളിലൂടെയാണ് നാം ദിനവും യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്! കരയിലൂടെ, ജലത്തിലൂടെ, ആകാശത്തിലൂടെ തുടങ്ങി ഓരോ യാത്രയും ഒരോ അനുഭൂതിയും ഉൾക്കാഴ്ചയുമാണ് നമുക്ക് നൽകുന്നത്. എന്നാൽ മനുഷ്യ ജീവിതത്തിന്റെ വൈവിധ്യങ്ങളെ അടുത്തറിയണമെങ്കിൽ ട്രെയിനിൽ തന്നെ യാത്ര ചെയ്യണം.

ഭിക്ഷക്കാർ മുതൽ അധികാരികൾ വരെ ഒരേസമയം ഒരേ പാതയിലൂടെ യാത്ര ചെയ്യുന്ന ഏക യാത്ര കൂടിയാണ് തീവണ്ടി യാത്ര. ജീവിതത്തിലെ സുഖസൗകര്യങ്ങളുടെ ഏറ്റക്കുറച്ചിലുകളാണ് ഓരോരുത്തരും ആ യാത്രയിൽ അനുഭവിക്കുന്നത്. ഇനി റെയിൽവെ



സ്റ്റേഷനുകളോ ജീവിതത്തിന്റെ വിവിധ മുഖങ്ങളുടെ സംഗമകേന്ദ്രമാണത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ലോകവിസ്മയം തന്നെയാണ് നമ്മുടെ റെയിൽവെ. 1853 ഏപ്രിൽ 16-ന് ബോംബെയിൽ നിന്ന് താനെയിലേക്ക് (34 കിലോമീറ്റർ) ഓടിത്തുടങ്ങിയ ഇന്ത്യൻ റെയിൽവെ 27 സംസ്ഥാനങ്ങളിലും 3 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 63940 കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്ന മഹാശൃംഖലയാണിന്ന്. എണ്ണായിരത്തിലധികം സ്റ്റേഷനുകളിലായി 8702 തീവണ്ടികളാണ് ഇടതടവില്ലാതെ രാജ്യത്ത് ഓടിക്കൊണ്ടിരിക്കുന്നത്. 16 ലക്ഷത്തിലധികം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. ഓരോ വർഷവും കോടിക്കണക്കിന് യാത്രക്കാരും 650 ദശലക്ഷം ടൺ ചരക്കും റെയിൽവെയിലൂടെ കടന്നുപോകുന്നുമുണ്ട്.





മണിക്കൂറിൽ 150 കിലോമീറ്റർ വേഗതയിലോടുന്ന ന്യൂഡൽഹി -ഭോപ്പാൽ ശതാബ്ദി എക്സ്പ്രസ്സും മണിക്കൂറിൽ 10 കിലോമീറ്റർ മാത്രം വേഗതയിലോടുന്ന മേട്ടുപ്പാളയം ഊട്ടി നീലഗിരി ട്രെയിനും കന്യാകുമാരിയിൽ നിന്ന് അസമിലെ ദിബ്രുഗാഹിലേക്ക് 4286 കിലോമീറ്റർ ഓടിയെത്തുന്ന വിവേക് എക്സ്പ്രസ്സും ഒരു സ്റ്റോപ്പുപോലുമില്ലാത്ത തിരുവനന്തപുരം നിസാമുദ്ദീൻ രാജധാനി എക്സ് പ്രസും, കൊച്ചി ഡൽഹി തുരന്തോ എക്സ് പ്രസും, ഒറ്റ സ്റ്റേഷന് തന്നെ രണ്ട് പേരുകളുള്ള മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ ജില്ലയിലുള്ള ശ്രീരംപൂരും ബേലാപൂരും, ലോകത്തിലെ തന്നെ ഏറ്റവും വലിയ ടണൽ ട്രാക്കായ കശ്മീരിലെ പിർ പഞ്ചൽ ടണൽ നിരയും (11.215), 1.35 കിലോമീറ്റർ നീളത്തിലുള്ള ഗോരഖ് പൂർ സ്റ്റേഷൻ പ്ലാറ്റ്ഫോമും തുടങ്ങി ഇന്ത്യൻ റെയിൽവെക്ക് മാത്രം അവകാശപ്പെടാവുന്ന അപൂർവ്വതകളും നേട്ടങ്ങളും ഏറെയാണ്.

ഹിമാലയൻ മലനിരകളിലൂടെ സഞ്ചരിക്കുന്ന കൽക്ക ഷിംല ട്രെയിൻ, നീലഗിരി മലനിരകളിലെ മേട്ടുപ്പാളയം -ഊട്ടി നീലഗിരി ട്രെയിൻ, രാമേശ്വരത്തെ കടൽപ്പാലത്തിലൂടെയോടുന്ന നിരവധി ട്രെയിനുകൾ, മലകൾ തുരന്ന് ഗുഹകളിലൂടെയും വനങ്ങളിലൂടെയും സഞ്ചരിക്കുന്ന കൊങ്കൺ ട്രെയിനുകൾ, ഭൂമിക്കടിയിലൂടെ സഞ്ചരിക്കുന്ന ദൽഹി മെട്രോ ട്രെയിൻ എന്നിങ്ങനെ അനേകം വൈവിധ്യങ്ങളുടെ വിളനിലമാണ് നമ്മുടെ റെയിൽവേ.

(കൊൽക്കത്തയിലെ ഹൗറ റെയിൽവേ സ്റ്റേഷനെ കുറിച്ച് അടുത്തലക്കത്തിൽ വായിക്കാം)

◈

◆◆ മൃണാളിനി സാരാഭായിയുടെ ആത്മകഥ– ഹൃദയത്തിന്റെ സ്വരം